**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3092** **14-02-2024 - ൽ മറുപടിയ്ക്ക്**

**കറ്റോട് പാലം റെഗുലേറ്റർ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ മാത്യു ടി. തോമസ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കറ്റോട് പാലം റെഗുലേറ്റർ നിർമ്മാണ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ? | (എ) | തിരുവല്ല കുമ്പഴ സംസ്ഥാനപാതയിലെ കറ്റോട് പാലം വീതി കൂട്ടി പുതുക്കിപ്പണിയുന്നതിന് പി.ഡബ്ല്യൂ.ഡി.ക്ക് അനുമതി ലഭിച്ച സാഹചര്യത്തിൽ, കറ്റോട് പാലത്തോട് ചേർന്ന് മണിമലയാറിൽ നിന്നും തിരുവല്ല മുനിസിപ്പാലിറ്റിയിലെ കവിയൂർ പുഞ്ച പാടശേഖരത്തിൽ കൃഷിക്കുവേണ്ടി നിർമ്മിച്ചി രിക്കുന്ന ഷട്ടർ പൊളിച്ചുമാറ്റി പുനഃസ്ഥാപി ക്കുന്നതിന് 45 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. അതിൽ മെക്കാനിക്കൽ പ്രവൃത്തിക്കുവേണ്ട അധികതുകയായ 53.5 ലക്ഷം രൂപ കൂടി ചേർത്ത് ഭരണാനുമതി പുതുക്കേണ്ട തുണ്ട്. രണ്ട് പ്രവൃത്തികളും സംയുക്തമായി നടപ്പിലാക്കേണ്ടതുമാണ്. ആയതിലേക്കായി ടി പ്രവൃത്തിയുടെ ഡിസൈൻ അംഗീകാരത്തിനായി ആവശ്യമായ രേഖകൾ ചീഫ് എഞ്ചിനീയർ, ഐ.ഡി.ആർ.ബി.യുടെ കാര്യാലയത്തിലേക്ക് സമർപ്പിച്ചിട്ടുള്ളതാണ്. കൂടാതെ പൊതുമരാമത്ത് വകുപ്പ് മുഖാന്തിരം നടത്തേണ്ട പ്രസ്തുത പാലത്തിന്റെ നിർമ്മാണം അടിയന്തിരമായി ആരംഭിക്കേണ്ടതിനാൽ പ്രസ്തുത സ്ഥലം സന്ദർശിച്ച് ടി പ്രവൃത്തിയുടെ ഡിസൈൻ വേഗത്തിൽ ലഭ്യമാക്കുവാൻ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും ചീഫ് എഞ്ചിനീയർ, ഐ.ഡി.ആർ.ബി.യുടെ കാര്യാലയത്തിലേക്ക് കത്ത് നൽകിയിട്ടുണ്ട്. ആയത് ലഭ്യമായാൽ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി പുതുക്കേണ്ട നടപടികൾ സ്വീകരിച്ച്, പ്രവൃത്തി നടപ്പാക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ